ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:20.04.2025**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്തെ സ്കൂളുകൾ ജൂൺ 2 നു തുറക്കും. സംസ്ഥാന തല പ്രവേശനോത്സവം ആലപ്പുഴയിൽ.
2. പൊതുവിദ്യാഭ്യാസ രംഗത്ത് 16 വർഷത്തിന് ശേഷം നടപ്പാക്കുന്ന പാഠ്യപദ്ധതി പരിഷ്കരണം പൂർത്തിയായതായി മന്ത്രി വി ശിവൻകുട്ടി, കായിക വിദ്യാഭ്യാസത്തിന് പ്രത്യേക ഊന്നൽ.
3. സഹകരണ എക്സ്പോയുടെ മൂന്നാം പതിപ്പിന് നാളെ തിരുവനന്തപുരത്ത് കനകക്കുന്നിൽ തുടക്കമാകും.
4. പ്രത്യാശയുടെ ഈസ്റ്റർ ആഘോഷിച്ച് ക്രൈസ്തവ സമൂഹം.
5. സൂപ്പർ കപ്പ് ഫുട്ബോളിന് ഇന്ന് കിക്കോഫ്, ഉദ്ഘാടന മത്സരം കേരള ബ്ലാസ്റ്റേഴ്സും ഈസ്റ്റ് ബംഗാളും തമ്മിൽ.
6. ഐ പി എല്ലിൽ പഞ്ചാബിനെതിരെ ബംഗ്ളൂരുവിന് 158 റൺസ് വിജയലക്ഷ്യം, മുംബൈ -ചെന്നൈ പോരാട്ടം രാത്രി 7.30 ന്.

&&&&&&&&&&&&&&&&

RNU TVPM

## പ്രധാനമന്ത്രി- സൗദി അറേബ്യ

പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റെന്നാൾ സൗദി അറേബ്യ സന്ദർശിക്കും. രണ്ട് ദിവസത്തെ സന്ദർശനത്തിൽ പശ്ചിമേഷ്യയിലെ വിഷയങ്ങൾ, ഇന്ത്യ-ഗൾഫ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി, സമുദ്ര സുരക്ഷ തുടങ്ങി വിവിധ വിഷയങ്ങൾ ചർച്ചയാകും. പ്രധാനമന്ത്രി മോദിയുടെ മൂന്നാം സൗദി സന്ദർശനമാണിത്. നാളെ രാത്രി ഡൽഹിയിൽ നിന്ന് പുറപ്പെടുന്ന പ്രധാനമന്ത്രി മറ്റന്നാൾ പുലർച്ചെ ജിദ്ദയിലെത്തും. ജിദ്ദയിൽ കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാൻ രാജകുമാരനുമായി ചേർന്ന് തന്ത്ര പ്രധാന പങ്കളിത്ത കൗൺസിൽ യോഗത്തിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&

## സഹകരണ എക്സ്പോ

സഹകരണ എക്സ്പോയുടെ മൂന്നാം പതിപ്പിനു നാളെ തിരുവനന്തപുരത്തു തുടക്കമൊകും. കനകക്കുന്നിൽ 10 ദിവസം നീണ്ടുനിൽക്കുന്ന പ്രദർശന വിപണനമേളയുടെ ഉദ്ഘാടനം ഈ മാസം 23-ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. 260 സ്റ്റാളുകളിലായി 400-ൽ പരം സഹകരണ ഉൽപ്പന്നങ്ങളുടെ പ്രദർശനവും, വിപണനവും മേളയിലുണ്ടാകും. സെമിനാറുകളും സാംസ്കാരിക പരിപാടികളും ഇതിനോടനുബന്ധിച്ച് നടക്കും.

&&&&&&&&&&&&&&&&

## കേരള സർക്കാർ വാർഷികം

RNU TVPM

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെയും, എന്റെ കേരളം പ്രദർശന വിപണന മേളയുടെയും സംസ്ഥാനതല ഉദ്ഘാടനം നാളെ കാസർഗോഡ് ജില്ലയിലെ കാലിക്കടവ് മൈതാനത്ത് നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഏപ്രിൽ 21 മുതൽ മെയ് 30 വരെ വിപുലമായ പരിപാടികളോടെയാണ് വാർഷികാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത്. എല്ലാ ജില്ലകളിലും ജില്ലാതല, മേഖലാതല യോഗങ്ങൾ നടക്കും. തിരുവനന്തപുരത്താണ് വാർഷികാഘോഷ പരിപാടിയുടെ സമാപനം.

&&&&&&&&&&&&&&&&

വി ശിവൻകുട്ടി- ഇൻട്രോ

സംസ്ഥാനത്തെ സ്കൂളുകൾ ജൂൺ 2 നു തുറക്കും. സംസ്ഥാന തല പ്രവേശനോത്സവം ആലപ്പുഴയിൽ നടക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മെയ് 10 നകം പാഠപുസ്തക വിതരണം പൂർത്തിയാകുമെന്നും മന്ത്രി പറഞ്ഞു. പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ പ്രകാശനവും സംസ്ഥാനതല വിതരണ ഉദ്ഘാടനവും ഈ മാസം 23 ന് തിരുവനന്തപുരത്ത് നടക്കുമെന്ന് ശ്രീ വി. ശിവൻകുട്ടി അറിയിച്ചു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&

കായികവിദ്യാഭ്യാസം-മന്ത്രി ശിവൻകുട്ടി

പതിനാറ് വർഷത്തിന് ശേഷം നടപ്പിലാക്കുന്ന സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി കായിക

RNU TVPM

വിദ്യാഭ്യാസത്തിന് പ്രത്യേക ഊന്നൽ നൽകിയതായി മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. പ്രൈമറി തലങ്ങളിൽ ഇതിനായി ഹെൽത്തി കിഡ്സ് എന്നുള്ള പുസ്തകവും ഒന്നു മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് യോഗ പരിശീലനത്തിനും കലാ, തൊഴിൽ എന്നീ മേഖലകളിൽ പ്രത്യേക പാഠപുസ്തകങ്ങളും തയ്യാറാക്കിയതായി അദ്ദേഹം വ്യക്തമാക്കി. മെയ് മാസം പത്താം തീയതിയോടു കൂടി മൂന്ന് കോടി എൺപത് ലക്ഷം പാഠപുസ്തകങ്ങൾ വിദ്യാലയങ്ങളിലേക്ക് എത്തിച്ചേരുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&

**മെഗാ സൂംബാ ഡിസ്പ്ലേ**

തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ ആയിരത്തി അഞ്ഞൂറോളം കുട്ടികളെയും അധ്യാപകരെയും രക്ഷിതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് മെഗാ സൂംബാ സംഘടിപ്പിക്കുന്നു. ഈ മാസം 30 ന് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലാണ് പരിപാടി. വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗവും അക്രമവാസനയും തടയുന്നതിനായി സമഗ്രമായ ആരോഗ്യ, കായിക വിദ്യാഭ്യാസ പരിപാടി സ്കൂളുകളിൽ നടപ്പാക്കണമെന്ന മുഖ്യമന്ത്രിയുടെ നിർദ്ദേശത്തെ തുടർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&

**വയനാട് താക്കോൽദാനം**

വയനാട് പരൂർകുന്ന് പുനരധിവാസ മേഖലയിലെ ഭൂരഹിതരായ 123 പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി നിർമ്മിച്ച വീടിൻറെ താക്കോൽ ദാനം ചൊവ്വാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. സർക്കാറിൻറെ നാലാം വാർഷികത്തോടനുബന്ധിച്ചാണ് ചടങ്ങ്. മേപ്പാടി, മുട്ടിൽ,

RNUTVPM

മൂപ്പൈനാട് ഗ്രാമപഞ്ചായത്തുകളിലെ ഭൂരഹിതരായ കുടുംബങ്ങൾക്ക് 10 സെൻറ് ഭൂമിയിൽ ആറ് ലക്ഷം രൂപ ചെലവിലാണ് വീടുകൾ നിർമ്മിച്ചത്.

**&&&&&&&&&&&&&&&&**

**ഈസ്റ്റർ**

ത്യാഗത്തിന്റെയും സഹനത്തിൻ്റെയും വിജയം പ്രഖ്യാപിക്കുന്ന ഉയിർപ്പിൻറെ പ്രത്യാശയിൽ ലോകമെങ്ങുമുള്ള ക്രൈസ്തവർ ഇന്ന് ഈസ്റ്റർ ആഘോഷിച്ചു. സംസ്ഥാനത്തെ ക്രൈസ്തവ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും ശുശ്രൂഷയും നടന്നു. യേശുവിൻറെ രൂപവും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണത്തിൽ നിരവധി വിശ്വാസികൾ പങ്കെടുത്തു. ഈസ്റ്റർ ദിനത്തിൽ തൃശ്ശൂരിലെ പുത്തൻപള്ളി, ഒല്ലൂർ പള്ളി എന്നിവിടങ്ങളിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി സന്ദർശനം നടത്തി. ബി ജെ പി അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തിരുവനന്തപുരത്ത് കർദിനാൾ മാർ ആലഞ്ചേരിയെ സന്ദർശിച്ച് ആശംസകൾ നേർന്നു.

RNU TVPM

**&&&&&&&&&&&&&&&&**

**എൻജിനിയറിങ്, ഫാർമസി**

2025-26 അധ്യയന വർഷത്തെ കേരള എൻജിനിയറിങ്, ഫാർമസി കോഴ്സിലേയ്ക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ ഈ മാസം 23 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കും. മറ്റ് പ്രവേശന പരീക്ഷകളിൽ ഹാജരാകേണ്ടതിനാൽ ഈ തീയതികളിൽ മാറ്റം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചവർക്ക് ഭേദഗതി വരുത്തിയ അഡ്മിറ്റ് കാർഡ് www.cee.kerala.gov.in എന്നവെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

&&&&&&&&&&&&&&&&

## സൂപ്പർ കപ്പ് ഫുട്ബോൾ- INTRO

സൂപ്പർ കപ്പ് ഫുട്ബോളിലെ ഉദ്ഘാടന മത്സരത്തിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് നിലവിലെ ചാമ്പ്യൻമാരായ ഈസ്റ്റ് ബംഗാളിനെ നേരിടും. സ്പാനിഷ് പരിശീലകൻ ഡേവിഡ് കറ്റാലയ്ക്ക് കീഴിൽ ബ്ലാസ്റ്റേഴ്സിന്റെ ആദ്യ പോരാട്ടം. രാത്രി എട്ടിന് ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്....**

**(വോയിസ്)**

RNU TVPM

&&&&&&&&&&&&&&&&

## ഐപിഎൽ

ഐ.പി.എൽ. ക്രിക്കറ്റിൽ പഞ്ചാബ് കിങ്സിന് എതിരെ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു വിന് 158 റൺസ് വിജയലക്ഷ്യം. പഞ്ചാബ് നിശ്ചിത ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 157 റൺസ് നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ബംഗളൂരു ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 16 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 132 റൺസ് നേടിയിട്ടുണ്ട്. രാത്രി 7.30. ന് നടക്കുന്ന രണ്ടാം മത്സരത്തിൽ മുംബൈ ഇന്ത്യൻസ്, ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&

## ഫുട്ബോൾ ക്യാമ്പ്

സംസ്ഥാന സർക്കാരിന്റെ ലഹരി മുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന, ഫുട്ബോൾ പരിശീലന ക്യാമ്പുകളുടെ ഔദ്യോഗിക ഉദ്ഘാടനം, നാളെ തൈക്കാട് ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. തിരുവനന്തപുരം ജില്ലയിലെ 10 വിദ്യാലയങ്ങളിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്

&&&&&&&&&&&&&&&&

കാലാവസ്ഥ

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു..

RIUTVPM

&&&&&&&&&&&&&&&&

വേവ്സ് മീഡിയ ഡെലിഗേറ്റ്

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം സംഘടിപ്പിക്കുന്ന ആഗോള ശ്രവ്യ- ദൃശ്യ- വിനോദ ഉച്ചകോടിയിലേയ്ക്ക് രജിസ്ട്രേഷൻ നടത്താൻ മാധ്യമ പ്രതിനിധികൾക്ക് വീണ്ടും അവസരം. നാളെ മുതൽ ഈമാസം 23 വരെ രജിസ്ട്രേഷൻ നടത്താം. മെയ് ഒന്ന് മുതൽ നാലുവരെ മുംബൈയിലാണ് ഉച്ചകോടി നടക്കുന്നത്.

&&&&&&&&&&&&&&&&

കുറ്റപത്രം

കോഴിക്കോട് താമരശ്ശേരിയിൽ സംഘർഷത്തെ തുടർന്ന് വിദ്യാർഥി മരിക്കാനിടയായ കേസിൽ അടുത്തമാസം

അവസാനത്തോടെ കുറ്റപത്രം സമർപ്പിക്കുമെന്ന് അന്വേഷണ ഉദ്യോഗസ്ഥർ. കേസിൽ കുറ്റാരോപിതരായ ആറ് വിദ്യാർഥികൾ നിലവിൽ ഒബ്സർവേഷൻ ഹോമിലാണ്. ഇവരുടെ ജാമ്യാപേക്ഷ ജുവനൈൽ ജസ്റ്റീസ് ബോർഡും ജില്ലാ കോടതിയും തള്ളിയിരുന്നു.

&&&&&&&&&&&&&&&&

**കോന്നി - സംസ്കാരം**

പത്തനംതിട്ട കോന്നി ആനക്കൂട്ടിൽ കോൺക്രീറ്റ് തൂൺ വീണു മരിച്ച നാലു വയസ്സുകാരൻ അഭിരാമിന്റെ സംസ്കാരം വീട്ടുവളപ്പിൽ നടന്നു. കടമ്പനാട് വടക്ക് തോയ്യാട് അഭിരാം ഭവനിൽ അജിയുടേയും ശാരിയുടേയും ഏകമകനാണ്. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉൾപ്പെടെ സാമൂഹിക രാഷ്ട്രീയ രംഗത്തെ നിരവധിപ്പേർ അന്ത്യാഞ്ജലി അർപ്പിച്ചു.

RNU TVPM

&&&&&&&&&&&&&&&&

**പന്തളം മരണം**

പന്തളം കുളനടക്ക് സമീപം മണ്ണു മാന്തി യന്ത്രം മറിഞ്ഞ് ഒരാൾ മരിച്ചു. ബംഗാൾ സ്വദേശി സുരാജ് ആണ് മരിച്ചത്. മറ്റൊരാൾക്ക് പരിക്കേറ്റു. മണ്ണ് നീക്കം ചെയ്യുന്ന ജോലികൾക്കിടയിൽ നിയന്ത്രണം നഷ്ടപ്പെട്ട് മറിഞ്ഞാണ് അപകടമുണ്ടായത്.

&&&&&&&&&&&&&&&&

**അവലോകന യോഗം**

രജിസ്ട്രേഷൻ വകുപ്പ് അവലോകന യോഗം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ അധ്യക്ഷതയിൽ ഈ മാസം 25ന് കോഴിക്കോട് നടക്കും. വെസ്റ്റ്ഹിൽ സർക്കാർ അതിഥി മന്ദിരത്തിൽ നടക്കുന്ന യോഗത്തിൽ ഉത്തരമേഖല ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, കോഴിക്കോട്, വയനാട് ജില്ലകളിലെ ജില്ലാ രജിസ്ട്രാർമാർ, സബ് രജിസ്ട്രാർമാർ എന്നിവർ പങ്കെടുക്കും.

&&&&&&&&&&&&&&&&

## സിറ്റിങ് നടത്തും

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പി.എം.എ.വൈ ഭവന പദ്ധതി എന്നിവ സംബന്ധിച്ച പരാതികൾ സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ ഓംബുഡ്സ്മാൻ വി.പി. സുകുമാരൻ മറ്റന്നാൾ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും വ്യാഴാഴ്ച തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും രാവിലെ 11 മുതൽ സിറ്റിങ് നടത്തും.

RNU TVPM

&&&&&&&&&&&&&&&&
&&&&&&&&&
&&&